# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3939 — 15/03/2017-ൽ മറുപടിക്ക്

## ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി

| | ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി തുടങ്ങുന്നതിന്റെ ഭാഗമായി ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കുവാനുള്ളതെന്ന് വിശദമാക്കുമോ; | (എ)<br>&<br>(ബി)<br>&<br>(സി) | കേന്ദ്രവനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ വ്യവസ്ഥകളോടെയുള്ള അനുമതിയുടെ കാലാവധി ദീർഘിപ്പിച്ച് തന്നിട്ടുണ്ട്. എന്നാൽ പദ്ധതി പ്രദേശത്തുനിന്നും മരങ്ങൾ മുറിച്ചു മാറ്റുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയോടുള്ള എതിർപ്പുകളും ശക്തമാണ്. ഇക്കാര്യങ്ങളിൽ സമവായമുണ്ടാക്കി പദ്ധതി നടപ്പാക്കാൻ കഴിയുമോ എന്ന് പരിശോധിക്കും. |
| (ബി) | ഈ പദ്ധതി തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | |
| (സി) | ഈ പദ്ധതിയുടെ പണി എന്നത്തേക്ക് തുടങ്ങി എന്ന് പൂർത്തീകരിക്കാൻ ആകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | |
| (ഡി) | പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | പദ്ധതിയുടെ നടത്തിപ്പിനായി ആതിരപ്പള്ളിയിൽ കെ..എസ്. ഇ.ബി. ലിമിറ്റഡിന്റെ ഏതെങ്കിലും തരത്തിലുള്ള ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഇ) | ഉണ്ട്. ആതിരപ്പിള്ളി, ആനക്കയം എന്നീ പദ്ധതികൾക്കായി ഒരു ഡിവിഷൻ ഓഫീസ് കണ്ണൻകുഴിയിൽ പ്രവർത്തിക്കുന്നു. ടി ഓഫീസിന്റെ പ്രവർത്തനത്തിനായി താഴെ പറയുന്ന ഉദ്യോഗസ്ഥർ ഇപ്പോൾ ജോലിചെയ്യുന്നു. |

(...2)

| | |
|---|---|
| എക്സിക്യൂട്ടീവ് എൻജിനീയർ | 1 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 2 |
| അസിസ്റ്റന്റ് എൻജിനീയർ | 2 |
| സബ് എൻജിനീയർ | 6 |
| **ആകെ** | **11** |

കൂടാതെ നവീന സാങ്കേതിക വിദ്യയായ സ്കൂ ടർബൈനുകൾ ഉപയോഗിച്ചുള്ള മൈക്രോ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണവും ഈ ഓഫീസിന്റെ കീഴിലാണ്.

19/3

സെക്ഷൻ ഓഫീസർ